9. മുഹമ്മദ് അനസ്സ്

10. ഷിഹാബുദീൻ.

11. വിജുമോൻ.

12. മുനീർ. ടി.ജെ.

മേൽ പറഞ്ഞിരിക്കുന്നവരിൽ ശ്രീവൽസൻ.എസ്.എസ്, അദീബ മുഹമ്മദ്, സജീവ്, ഷിഹാബുദീൻ എന്നിവർ ഒഴികെയുള്ളവർ ഇപ്പോഴും ഇവിടെ വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നു.

സി - ആപ്റ്റിന്റെ വരുമാനവും ചെലവും

139 (7108) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സി-ആപ്റ്റിനായി പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ട് ; ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) സി-ആപ്റ്റിന്റെ ലാഭം/നഷ്ടം 2008-09, 2009-10, 2010-11, 2011-12, 2012-13, 2013-14 വർഷങ്ങളിൽ എന്തുതുക വീതമാണെന്ന് വ്യക്തമാക്കാമോ ;

(സി) 2008 മുതൽ ഇതുവരെ പ്രിന്റിംഗ് ഇനത്തിൽ പ്രതിവർഷം സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽനിന്നും എന്തുതുകയ്ക്കുള്ള ഓർഡർ ആണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) 2011-12 സാമ്പത്തികവർഷംമുതൽ ഇതുവരെ സി-ആപ്റ്റിന്റെ വരുമാനവും ചെലവും എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം-പ്ലാൻ, നോൺ-പ്ലാൻ ഇനത്തിൽ 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ സി-ആപ്റ്റിനായി നീക്കിവച്ച തുകകളെ സംബന്ധിച്ച വിശദവിവരം ഇപ്രകാരമാണ്.

സാമ്പത്തികവർഷം	പ്ലാൻ	നോൺ പ്ലാൻ
2011-12 (ബഡ്ജറ്റ് വിഹിതം)	150 ലക്ഷം	39.92 ലക്ഷം
റീഅപ്രോപ്രിയേഷൻ	50 "	16.80 "
ആകെ	200 "	56.72 "
2012-13 (ബഡ്ജറ്റ് വിഹിതം)	173 "	43.91 "
റീഅപ്രോപ്രിയേഷൻ —		1.92 "
ആകെ	173 "	45.83 "

LIBRARY ARCHIVES Kerala Legislative Assembly

2013-14	(ബഡ്ജറ്റ് വിഹിതം)	200 "	48.30 "
2014-15	(ബഡ്ജറ്റ് വിഹിതം)	230 "	53.13 "

(ബി) 2008-09 മുതൽ 2013-14 വരെ വർഷങ്ങളിലെ സി-ആപ്റ്റിന്റെ ലാഭം/നഷ്ടം ഇപ്രകാരമാണ്.

സാമ്പത്തിക വർഷം	ലാഭം നഷ്ടം
2008-09	2,47,11,467.32
2009-10	3,17,84,600.85
2010-11	3,14,13,441.93
2011-12	1,52,87,575.11

2011-12 ന്റെ കണക്കുകൾ ആഡിറ്റ് ചെയ്ത ഡ്രാഫ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നൽകിയിട്ടുള്ളത്. 2012-13, 2013-14 എന്നീ വർഷങ്ങളിലെ കണക്കുകൾ ആഡിറ്റ് ചെയ്തുവരുന്നു.

(സി) 2008 മുതൽ ഇതുവരെ പ്രിന്റിംഗ് ഇനത്തിൽ പ്രതിവർഷം സർക്കാർ, സർക്കാതിര സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഓർഡർ ഇപ്രകാരമാണ്.

വർഷം	ലഭിച്ച ഓർഡർ (രൂപയിൽ)
2008-09	22,29,00,110.38
2009-10	34,64,27,644.00
2010-11	28,03,60,409.00
2011-12	28,11,76,222.00
2012-13	30,60,98,795.00

(ഡി) 2011-12 സാമ്പത്തിക വർഷം മുതൽ നാളിതുവരെയുള്ള സി-ആപ്റ്റിന്റെ വരുമാനവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

വർഷം	വരുമാനം	ചെലവ്
2011-12	30,25,31,166.96	31,78,18,742.07
2012-13	ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്നു.	
2013-14	ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്നു.	

LIBRARY ARCHIVES Kerala Legislative Assembly